
# യഥാർത്ഥ വിശുദ്ധനായിരുന്നു
# വന്ദ്യ റമ്പാച്ചൻ



Very. Rev. Rabban Geevarghese Kochuparambil
(1872-1957)

1907-ൽ ഒരു കാല് മുട്ടിന് താഴെ വച്ച് മുറിച്ച ശേഷം 1957 ൽ നിത്യതയിലേയ്ക്ക് വിളിച്ചു ചേർക്കപ്പെടുന്നതുവരെ തടി കൊണ്ടുള്ള കാലിന്റെ സഹായത്തോടെയാണ് കഴിഞ്ഞിരുന്നത്.

ശാരീരികമായ ബുദ്ധിമുട്ട് ഉള്ള വൈദീകർ വിശുദ്ധകുർബ്ബാന അനുഷ്ഠിയ്ക്കുന്ന രീതി വിശുദ്ധ സുറിയാനി സഭയിലില്ല.

എങ്കിലും റമ്പാച്ചന്റെ വിശുദ്ധി കണ്ടറിഞ്ഞ, വിശുദ്ധ മോറാൻ ഇഗ്നാത്യോസ് ഏലിയാസ് മൂന്നാമൻ പാത്രിയർക്കിസ് ബാവാ(മഞ്ഞിനിക്കര ബാവാ)"നിനക്കു സാധിക്കുമെങ്കിൽ വിശുദ്ധ ബലി അർപ്പിച്ചുകൊള്ളുക "എന്ന് വന്ദ്യ റമ്പാച്ചനോട് കൽപിച്ചതായി കേട്ടിട്ടുണ്ട്.

മരണസമയത്ത് ശരീരം വിട്ടു പിരിയുന്ന ആത്മാവിനെ പറുദീസയിലേയ്ക്ക് കൊണ്ടുപോകാൻ മാലാഖമാരെയും, പരേതാത്മാവ് ഈ ലോക ജീവിതത്തിൽ ആർജ്ജിച്ച വിശുദ്ധിയുടെ അടിസ്ഥാനത്തിൽ അതിനു തുല്യരായി മുന്നമേ വാങ്ങിപ്പോയ വിശുദ്ധരുടെയും, ബന്ധുമിത്രാദികളുടെയുമൊക്കെ ആത്മാക്കളെ അയയ്ക്കും എന്നുള്ളത് പൊതുവായ വിശ്വാസവും, വചനാധിഷ്ഠിതവും അനേകം വിശുദ്ധർക്ക് ഉണ്ടായ ദൈവീക ദർശനങ്ങൾ സാക്ഷിക്കുന്ന സത്യവുമാണ്.

വന്ദ്യ .റമ്പാച്ചന്റെ മരണസമയത്ത്, അദ്ദേഹം ഇരുവശത്തേയ്ക്കും തല തിരിച്ച് ചുബനം കൊടുക്കുന്നതുപോലെ കണ്ട വന്ദ്യ. മോശസലാമ റമ്പാച്ചൻ (പിന്നീട് ബ്രസീലിലെ ആർച്ച് ബിഷപ്പ് മോർ ക്രിസോസ്റ്റമോസ് മോശസലാമ)"എന്തെങ്കിലും ബുദ്ധിമുട്ട് അങ്ങേക്കുണ്ടോ"" എന്നു

ചോദിച്ചപ്പോൾ, മരണ കിടക്കയിൽ കിടന്നുകൊണ്ട് സൂര്യ പുരുഷൻ നൽകിയ മറുപടി തന്റെ വിശുദ്ധിയ്ക്കു സാക്ഷ്യം നിൽക്കുന്നു.

"ബുദ്ധിമുട്ട് ഒന്നുമില്ല. ദീർഘദർശിമാരായ മോശയും, ഏലിയായും എന്നെ കൊണ്ടുപോകുവാൻ വന്നു നില്ക്കുന്നു. ഞാൻ അവർക്ക് സമാധാന ചുംബനം കൊടുത്തതാണ് " ഇതായിരുന്നു വന്ദ്യ.കൊച്ചു പറമ്പിൽ റമ്പാച്ചന്റെ മറുപടി.

മറുരൂപമലയിൽ പ്രത്യക്ഷപ്പെട്ട്, ശിഷ്യൻമാരുടെ സാന്നിദ്ധ്യത്തിൽ ദൈവ പുത്രനായ യേശുക്രിസ്തുവായി സംവദിയ്ക്കുന്നതായി വിശുദ്ധ വേദപുസ്തകം സാക്ഷിയ്ക്കുന്ന മോശയും, ഏലിയായും വന്ന് കൊണ്ടു പോകുവാൻ തക്കവണ്ണമുള്ള വിശുദ്ധി നേടിയ വന്ദ്യ.റമ്പാച്ചന്റെ പ്രാർത്ഥന നമുക്കും കോട്ടയായിരിയ്ക്കട്ടെ.

റമ്പാച്ചന്റെ മരണസമയത്തെ മേൽസംഭവം സാക്ഷിച്ചത് വിശുദ്ധനായി സുറിയാനി സഭ ഗണിയ്ക്കുന്ന വന്ദ്യ .മോശ സലാമ റമ്പാച്ചൻ തന്നെയാണ്.

വന്ദ്യ. കൊച്ചുപറമ്പിൽറമ്പാച്ചൻ തൃക്കോതമംഗലം ശർബീൽ ദയറായിൽ താമസിയ്ക്കുന്ന കാലത്തെ ഒരു സംഭവം (താഴെ പറയുന്നു) വായിച്ചറിഞ്ഞ ഞാൻ, പ്രസ്തുതദയറായിയ്ക്ക് സമീപമുള്ള ബഹുമാനപ്പെട്ട കപ്യാർ അച്ചായന്റെ വീട്ടിൽ പോയി ഈ സംഭവം നേരിട്ട് കേട്ട് ബോദ്ധ്യപ്പെട്ടതാണ്.

സന്ധ്യാപ്രാർത്ഥനയ്ക്കു ശേഷം ഒരു മണ്ണെണ്ണ വിളക്കുമായി തന്റെ മുറിയിലേയ്ക്ക് മുട്ടിലിഴഞ്ഞു വന്ന റമ്പാച്ചൻ (തന്റെ മരക്കാൽ വിശുദ്ധ കുർബ്ബാന സമയത്തും വിശേഷാവസരങ്ങളിലും മാത്രമേ വന്ദ്യ റമ്പാച്ചൻ ഉപയോഗിച്ചിരുന്നുള്ളൂ) തന്റെ കട്ടിലിൽ ഒരു കരിമൂർഖൻപാമ്പ് കിടക്കുന്നതായി കണ്ടു. റമ്പാച്ചനെ കണ്ട മാത്രയിൽ പാമ്പ് പത്തി വിടർത്തി. "ഹവ്വായേ പരീക്ഷിച്ച പിശാചേ ,എല്ലും തോലും മാത്രമായ എന്നെയോ നിനക്ക് കിട്ടിയുള്ളോ, ഇറങ്ങിപ്പോ" എന്ന ശകാരവും കേട്ട് ഓടി വന്ന കപ്യാർ ബഹു. മാണിച്ചേട്ടൻ കണ്ടത് പത്തി താഴ്ത്തി പുറത്തേയ്ക്ക് ഇഴഞ്ഞു പോയ പാമ്പിനെയാണ്. പുറത്തേയ്ക്ക് വിരൽ ചൂണ്ടി പാമ്പിനെ ഇറക്കിവിടുന്ന റമ്പാച്ചനെയും..... ഭയചകിതനായ മാണിച്ചേട്ടൻ, ദയറായിൽ തന്നെ അന്ന് താമസിച്ചിരുന്ന ഭാഗ്യസ്മരണാർഹനായ മോർ മീഖായേൽ ദീവന്നാസിയോസ് തിരുമേനിയുടെ മുറിയിലേയ്ക്കോടി. കാര്യം തിരക്കി അറിഞ്ഞ മോർ മിഖായേൽ തിരുമേനി സ്വർഗ്ഗത്തിലേയ്ക്ക് കൈകൾ ഉയർത്തി പറഞ്ഞത്രെ "ദൈവമെ റമ്പാച്ചനാര് ? ഈ ഞാനാര്? "

വന്ദ്യ. കൊച്ചുപറമ്പിൽ റമ്പാച്ചനെപ്പോലെയുള്ള അറിയപ്പെടുന്നവരും, അറിയപ്പെടാത്ത വരുമായ ലക്ഷോപലക്ഷം വിശുദ്ധരാൽ നിറയപ്പെട്ട വിശുദ്ധ സുറിയാനി സഭ എത്രയോ ധന്യയാണ്.

*ഫിലിപ്പ് കുരുവിള തെക്കേത്തലക്കൽ*